Passed on 19-06-18

# 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

കേരള സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണത്തിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണത്തിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 മേയ് 17-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. കേരള സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും താൽക്കാലിക ബദൽ ക്രമീകരണത്തിനുവേണ്ടിയുള്ള പ്രത്യേക വ്യവസ്ഥ.—(1) 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലോ (1974-ലെ 17) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിലോ റെഗുലേഷനിലോ ഓർഡിനൻസിലോ ചട്ടങ്ങളിലോ അഥവാ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്കുമുൻപ് ഔദ്യോഗിക കാലാവധി അവസാനിച്ച കേരള സർവ്വകലാശാലാ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും സംഗതിയിൽ പ്രസ്തുത സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും ചുമതലകൾ (2)-ാം ഉപവകുപ്പിൻകീഴിൽ സർക്കാർ നാമനിർദ്ദേശം

ചെയ്യുന്ന ഒരു താൽക്കാലിക നികായം ആറുമാസക്കാലത്തേക്കോ അല്ലെങ്കിൽ 1974–ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974–ലെ 17) വ്യവസ്ഥകൾക്ക് അനുസൃതമായി സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുന്നതുവരെയോ, അതിൽ ഏതാണോ ആദ്യം, അതുവരെ നിർവ്വഹിക്കേണ്ടതാണ്.

(2) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, പ്രസ്തുത സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും എല്ലാ അധികാരങ്ങളും വിനിയോഗിക്കുന്നതിനും എല്ലാ ചുമതലകളും നിർവ്വഹിക്കുന്നതിനുമായി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു താൽക്കാലിക നികായത്തെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്:—

1. സിൻഡിക്കേറ്റിലെ എക്സ്-ഒഫീഷ്യോ അംഗങ്ങൾ.

2. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ:

(i) സർവ്വകലാശാലയിലെ ഒരു അദ്ധ്യാപകൻ;

(ii) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജുകളിൽ നിന്നും ഒരു അദ്ധ്യാപകൻ;

(iii) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജുകളിൽ നിന്നും എയ്ഡഡ് കോളേജുകളിൽനിന്നും ഓരോ പ്രിൻസിപ്പൽ വീതം;

(iv) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത എയ്ഡഡ് കോളേജുകളിൽ നിന്നുള്ള രണ്ട് അദ്ധ്യാപക പ്രതിനിധികൾ;

(v) സർവ്വകലാശാലയിലുള്ളതോ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ അല്ലെങ്കിൽ എയ്ഡഡ് കോളേജുകളിൽനിന്നും ഉള്ളതോ ആയ ഒരു വിദ്യാർത്ഥി;

(vi) വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ആറ് പ്രമുഖ വ്യക്തികൾ, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോ പെടുന്ന ആളും ആയിരിക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് (2018-ലെ 36) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.